# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1066      14.01.2021 – ൽ മറുപടിക്ക്

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **പ്രൊഫ .കെ.യു.അരുണൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ കാലയളവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൻ കീഴിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ കാലയളവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൻ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 166 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.<br>1. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - 18<br>2. സ്റ്റാഫ് നഴ്സ് ഗ്രേഡ് - II – 18<br>3. ഫാർമസിസ്റ്റ് ഗ്രേഡ് II – 18<br>4. ആക്സിലറി നഴ്സ് മിഡ് വൈഫ് - 18<br>5. ക്ലാർക്ക് - 18<br>6. നഴ്സിംഗ് അസിസ്റ്റന്റ് - 18<br>7. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II – 18<br>8. ഓഫീസ് അറ്റൻഡന്റ് - 18<br>9. പാർട്ട് ടൈം സ്വീപ്പർ - 19<br>10. ലാബ് ടെക്നീഷ്യൻ - 3 |
| (ബി) | ഈ വകുപ്പിൻ കീഴിൽ പുതുതായി ആരംഭിച്ച ഡിസ്പെൻസറികളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ? | (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം സ.ഉ(കൈ) നം. 75/2017/തൊഴിൽ തീയതി 15.09.2017 ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇ.എസ്.ഐ കോർപ്പറേഷന്റെ പ്രവർത്തനാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കട്ടപ്പനയിലും, കോഴിക്കോട് ജില്ലയിലെ മുക്കത്തുമായി 2 ഡിസ്പെൻസറികൾ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**